നമ്പർ. ടി(1)52518/2006.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 26.5.2008.

## സർക്കുലർ നം. 36/2008

വിഷയം: സഹകരണ വകുപ്പ്- കേരള നിയമസഭ ഹർജികൾ സംബന്ധിച്ച സമിതി (2004-08) സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൻമേലുള്ള നടപടിക്കുറിപ്പ്- ആഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതു സംബന്ധിച്ച്.

സൂചന: ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.3.08ലെ 16621/പി.എസ്/07/സഹ.നമ്പർ കത്ത്.

.....

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2001-2003)യുടെ മൂന്നാമത് റിപ്പോർട്ടിലെ അഞ്ചാം ഖണ്ഡികയിൽ "പൊതുജനങ്ങളുടെ പരാതികൾ റിപ്പോർട്ടിനായി സർക്കാരിലേക്ക് അയക്കുമ്പോൾ അനുവർത്തിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ വകുപ്പുകളും സർക്കുലർ മുഖേന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തുന്നതിനാൽ സമിതിയുടെ പ്രവർത്തനം ഉദ്ദേശിക്കുന്ന രീതിയിൽ മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ലെന്നും അതിനാൽ വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണമെന്നും, കാലതാമസം ഒഴിവാക്കണമെന്നും സമിതിയുടെ മുൻകാല റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെന്നും, എന്നാൽ ഇക്കാര്യത്തിലുള്ള പുരോഗതി ആശാവഹമല്ലെന്നും, സമിതി അയച്ചുകൊടുക്കുന്ന ഹർജികൾ കൈപ്പറ്റിയ വിവരംപോലും യഥാസമയം സമിതിയെ അറിയിക്കുക എന്ന പ്രാഥമിക കർത്തവ്യംപോലും പലപ്പോഴും പാലിക്കാറുമില്ല എന്നും, ഈ സാഹചര്യത്തിൽ ഹർജികളിൻമേലുള്ള ഗവൺമെന്റ് റിപ്പോർട്ട് സമിതിക്ക് ലഭ്യമാകുന്ന കാര്യത്തിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കി ഈ പ്രക്രിയ എങ്ങനെ സുഗമമായി നടത്താം എന്നതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പര്യാലോചന അനിവാര്യമാണെന്നും" സമിതി ശുപാർശ ചെയ്തിട്ടുള്ള വിവരം സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്.

(തുടർച്ച.....2)

ആയതിനാൽ കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി റിപ്പോർട്ടിനായി നൽകുന്ന ഹർജികളിന്മേൽ സത്വരവും സമയബന്ധിതവുമായി മറുപടി നൽകാൻ ശ്രദ്ധിക്കണമെന്നും, ഇക്കാര്യത്തിൽ ഒരു തരത്തിലുമുള്ള വീഴ്ചയും ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും, ഇക്കാര്യത്തിലുള്ള വീഴ്ച ഗൗരവമായി കാണുമെന്നും അറിയിക്കുന്നു.

ഒപ്പ്
കെ. വി. സുരേഷ്ബാബു,
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1. എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും.
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
3. എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.
5. സഹകരണസംഘം രജിസ്ട്രാറുടെ പി.എ.യ്ക്ക്.
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.